# പതിനാലാം കേരള നിയമസഭ

## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 773 — 29/11/2018 ൽ മറുപടിക്ക്

**ശബരിമല ദർശനത്തിനുള്ള ഓൺലൈൻ ബുക്കിംഗ്**

ചോദ്യം — മറുപടി

ശ്രീ.ആർ.രാമചന്ദ്രൻ
ശ്രീ.ഇ.കെ.വിജയൻ
ശ്രീമതി.സി.കെ.ആശ
ശ്രീ.കെ.രാജൻ

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല ക്ഷേത്രദർശനത്തിനുള്ള ഓൺലൈൻ ബുക്കിംഗ് സംവിധാനം തുടങ്ങിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ശബരിമല ദർശനത്തിനുവേണ്ടി ഭക്തജനങ്ങൾക്കായി ഓൺലൈൻ ബുക്കിംഗ് സംവിധാനമായ ഡിജിറ്റൽ ക്രൗഡ് മാനേജ്മെന്റ് നടപ്പിലാക്കിയിട്ടുണ്ട്. തീർത്ഥാടകർക്ക് ആവശ്യമായ രേഖകളുടെ സഹായത്തോടെ പ്രസ്തുത സംവിധാനത്തിലൂടെ തീർത്ഥാടനം മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്. അങ്ങനെ ബുക്ക് ചെയ്യുന്ന ഭക്തർക്കായി നിശ്ചിത ദിവസവും സമയവും മുൻകൂട്ടി നൽകുകയും ഭക്തജനങ്ങൾക്ക് പമ്പയിൽ നിന്ന് മലകയറുവാനും, സുഗമമായ ദർശനത്തിനും വഴിയൊരുക്കിയിട്ടുണ്ട്. |
| (ബി) | ശബരിമലയിൽ എത്തുന്ന മുഴുവൻ തീർത്ഥാടകർക്കും ദർശനം സാധ്യമാക്കുന്ന തരത്തിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് അറിയിക്കുമോ ; | (ബി) | ശബരിമലയിൽ എത്തുന്ന ഭക്ത ജനങ്ങൾക്ക് സുഗമമായ ദർശനത്തിനായി ഇലവുങ്കൽ, നിലയ്ക്കൽ, പമ്പ, സന്നിധാനം തുടങ്ങിയ പ്രധാന സ്ഥലങ്ങൾ ഉൾപ്പെടെ എല്ലായിടത്തും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഒരു ടിക്കറ്റിൽ എത്രപേർക്ക് ബുക്ക് ചെയ്യാമെന്നും ബുക്ക് ചെയ്യുന്നത് സംബന്ധിച്ച വിശദാംശങ്ങളും നൽകുമോ; | (സി) | തീർത്ഥാടകർക്ക് www.sabarimalaq.com എന്ന വെബ് പോർട്ടിൽ സന്ദർശിച്ച്, അവരുടെ പേര്, വയസ്സ്, ഫോട്ടോ, അഡ്രസ്സ്, ഫോട്ടോ ഐഡന്റിറ്റി കാർഡ് നമ്പർ, മൊബൈൽ നമ്പർ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി ബുക്ക് ചെയ്യാവുന്നതാണ്. ഇതിൽ ഒരാൾക്ക് ഒരു ടിക്കറ്റ് എന്ന രീതിയിൽ, 60 പേരെവരെ ഉൾക്കൊള്ളാവുന്ന ഗ്രൂപ്പ് ബുക്കിംഗ് നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ബുക്കിംഗിനായി തീർത്ഥാടകർ ഏതൊക്കെ വിവരങ്ങളാണ് നൽകേണ്ടതെന്നും തീർത്ഥാടനവേളയിൽഏതൊക്കെ രേഖകൾ സൂക്ഷിക്കണമെന്നും അറിയിക്കുമോ; | (ഡി) | ബുക്കിംഗ് സമയത്ത് തീർത്ഥാടകരുടെ പേര്, വയസ്സ്, ഫോട്ടോ, അഡ്രസ്സ്, ഫോട്ടോ ഐഡന്റിറ്റി കാർഡ് നമ്പർ, മൊബൈൽ നമ്പർ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി ബുക്ക് ചെയ്യാവുന്നതാണ്. തീർത്ഥാടവേളയിൽ ബുക്ക് ചെയ്ത കൂപ്പണും തീർത്ഥാടകർ തങ്ങളുടെ ഫോട്ടോ ഐഡന്റിറ്റി കാർഡും കൈവശം കരുതേണ്ടതാണ്. 18 വയസ്സിന് താഴെ പ്രായമുള്ളവർക്ക് ഫോട്ടോ ഐഡന്റിറ്റി കാർഡ് നിർബന്ധമില്ല. |
| (ഇ) | മുൻവർഷങ്ങളിലേതുപോലെ ചന്ദ്രാനന്ദൻ റോഡ് വഴി സന്നിധാനം നടപ്പന്തൽവരെ എത്തുന്നതിന് സൗകര്യമൊരുക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | ഓൺലൈൻ ബുക്ക ചെയ്ത ദർശനത്തിനെത്തുന്ന ഭക്തർക്ക് ചന്ദ്രാനന്ദൻ റോഡു വഴി സന്നിധാനത്തെത്തുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ